ട്ടില്ല. മറ്റു പല സ്ഥലങ്ങളിലും അതിനുശേഷം തറക്കല്ലിട്ട ഗ്യാരേജിന്റെ പണികൾ പൂർത്തിയായിട്ടുണ്ട്. മാനന്തവാടി ഗ്യാരേജിൽ ബസ് റിപ്പെയർ ചെയ്യാനുള്ള സംവിധാനമില്ല. താഴങ്ങാടിയിലുള്ള റിപ്പെയർ സ്ഥലത്ത് ആന നിന്നാൽ കാണാത്ത കുഴിക്കകത്തുകൂടിവേണം ബസ്സു കൊണ്ടുപോകുവാൻ. റിപ്പെയർ ചെയ്യാനുള്ള സംവിധാനമില്ലാത്തതുകൊണ്ട് സമയാസമയങ്ങളിൽ ബസ് ഓടിക്കാനുള്ള സംവിധാനവുമില്ല. അതുപോലെതന്നെ കൽപ്പറ്റയിൽ ഗ്യാരേജിന്റെ തറക്കല്ലിട്ടശേഷം യാതൊരു പ്രവർത്തനവും ഉണ്ടായിട്ടില്ല. അതുകൊണ്ട് മാനന്തവാടി ട്രാൻസ്പോർട്ട് ഗ്യാരേജിന്റെ പണി എത്രയുംവേഗം പൂർത്തിയാക്കുന്നതിന്, അവിടെ എന്ത് അപാകതയുണ്ടെങ്കിലും പരിശോധിച്ച് പണി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നത്.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ): സർ, മാനന്തവാടി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുവേണ്ടി 9 A.M.] 30-8-1982-നാണ് തറക്കല്ലിട്ടത്. താഴങ്ങാടി എന്ന സ്ഥലത്ത് ബസ്സ്റ്റേഷൻ നിർമ്മിക്കുന്നതിനാണ് സ്ഥലം തീരഞ്ഞെടുത്തിരുന്നതെങ്കിലും വിശദമായ പരിശോധനയിൽ പ്രസ്തുത സ്ഥലം മഴക്കാലത്ത് വെള്ളം കയറുന്ന ഭാഗമാണെന്ന് കണ്ടതിനെതുടർന്ന് മേലങ്ങാടിയിലെ വനംവകുപ്പിൽനിന്നും ആവശ്യമായ ഭൂമി ഏറ്റെടുക്കേണ്ടിവന്നു. അതാണ് കാലതാമസമുണ്ടായത്. ബസ് സ്റ്റേഷൻ പണിയുടെ കാര്യത്തിൽ പുതിയസ്ഥലത്ത് ഇപ്പോൾ നിർമ്മാണ ജോലികളാരംഭിച്ചു. മേൽക്കൂരയുടെ നിർമ്മാണംകൂടി പൂർത്തിയായാൽ അവിടെ പ്രവർത്തനം തുടങ്ങാൻ കഴിയും. പുതിയ ബസ് സ്റ്റേഷൻ നിർമ്മാണത്തിന് തടസ്സമായി ഹൈക്കോടതിയിൽ ഒരു സ്റ്റേയും നിലവിലുണ്ട്. മാനന്തവാടി സ്റ്റേഷൻ പൂർത്തിയാകുന്നതുവരെ അവിടെയുള്ള ബസ്സുകളുടെ മേജർ അറ്റകുറ്റപണികൾക്കുവേണ്ടി ബത്തേരിയിൽ എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. അദ്ദേഹം മറ്റൊരു കാര്യം സൂചിപ്പിച്ചു വളരെ യാത്രാക്ലേശമുണ്ട് എന്നുള്ളത്. അത് പൂർണ്ണമായി സമ്മതിക്കാൻ നിവൃത്തിയില്ല. ഇപ്പോഴത്തന്നെ കൽപ്പറ്റയിൽ 35 ഷെഡ്യൂളും മാനന്തവാടിയിൽ 35 ഷെഡ്യൂളും ബത്തേരിയിൽ 113 ഷെഡ്യൂളുകളും കൃത്യമായി ഓടിച്ചുകൊണ്ടിരിക്കുകയാണ്. പ്രയാസമുണ്ട് എന്നുള്ളത് ഗവൺമെന്റ് എതിർക്കുന്നില്ല. മാനന്തവാടി ബസ് സ്റ്റേഷൻ വളരെ വേഗം പണി തീരുന്നതാണ്. അതിനനുസരിച്ച് കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പു നൽകുന്നു.

(8) സർക്കസ് കലാകാരൻമാർക്കുള്ള പെൻഷൻ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കേരളത്തിലെ സർക്കസ് കലാകാരൻമാർക്ക് പെൻഷൻ അനുവദിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് നടത്തിയ പ്രഖ്യാപനം വലിയ ഒരു ആശ്വാസമായിട്ടാണ് സർക്കസ് കലാകാരൻമാർക്ക് അനുഭവപ്പെട്ടിരുന്നത്. എന്നാൽ ഇതുവരെയായി 100 സർക്കസ് കലാകാരൻമാർക്കുമാത്രമേ പെൻഷൻ കിട്ടിയിട്ടുള്ളു. അർഹതപ്പെട്ട നിരവധി സർക്കസ് കലാകാരൻമാരുടെ അപേക്ഷകൾ ഇന്ന് കെട്ടിക്കിടക്കുകയാണ്, അർഹതപ്പെട്ടവരെ തിരഞ്ഞെടുക്കാൻവേണ്ടി രൂപീക

LIBRARY ARCHIVES Kerala Legislative Assembly

രിച്ച കമ്മിറ്റിയുടെ പ്രവർത്തനം നടക്കുന്നില്ല. വളരെ മാസങ്ങളായി ആ കമ്മിറ്റി യോഗം ചേർന്നിട്ടുപോലുമില്ല. ഈ വസ്തുത പരിഗണിച്ചുകൊണ്ട് അർഹതപ്പെട്ട മുഴുവൻ സർക്കസ് കലാകാരൻമാർക്കും പെൻഷൻ നൽകുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെൻറിനോട് ആവശ്യപ്പെടുകയാണ്.

വനം വകുപ്പു മന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ): സർ, അവശകലാകാരൻമാർക്ക് പെൻഷൻ നൽകുന്ന പദ്ധതിയനുസരിച്ച് അവർക്ക് പെൻഷൻ കൊടുക്കുന്നതിന് ചില വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥയനുസരിച്ച് 15 വർഷമെങ്കിലും സർക്കസ് പ്രകടനരംഗത്ത് അവർ ഉണ്ടായിരിക്കണം. അതുപോലെ 300 രൂപയിൽകുറഞ്ഞ മാസവരുമാനമുള്ളവരായിരിക്കണം. പുരുഷൻമാരാണെങ്കിൽ 45 വയസ്സിനുമേലേയും സ്ത്രീകളാണെങ്കിൽ 35 വയസ്സിനുമേലേയും ആയിരിക്കണം. അങ്ങനെയാണ് അതിൻെറ വ്യവസ്ഥ. സർക്കസ് പ്രകടനരംഗത്ത് അപകടങ്ങൾ സംഭവിച്ച് അംഗവൈകല്യം വരുന്നവരെ ഈ വ്യവസ്ഥയിൽനിന്നും ഇളവ് ചെയ്തിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് ഇതുവരെ സർക്കാരിനു കിട്ടിയ അപേക്ഷകൾ 653 എണ്ണമാണ്. അതിൽനിന്നും 100 പേർക്ക് ഓരോ കൊല്ലവും ഇതിനകം പെൻഷൻ കൊടുത്തിട്ടുണ്ട്. ഈ അവസാനത്തെ കൊല്ലം 1984–85–ൽ കിട്ടിയ 132 അപേക്ഷകൾ മാത്രമാണ് ഇനി പരിഗണിക്കാനുള്ളത്. ആ അപേക്ഷകൾ പരിഗണിക്കാൻവേണ്ടി രൂപീകരിക്കേണ്ടുന്ന കമ്മിറ്റി ജൂലൈ മാസത്തിൽ രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ആ കമ്മിറ്റി വളരെ താമസിയാതെ ചേർന്ന് ഇത്തരം അപേക്ഷകൾകൂടി പരിഗണിക്കുന്നതാണ്.

മറെറാരു കാര്യമുള്ളത് നമ്മുടെ അവശസർക്കസ് കലാകാരൻമാരിൽ പലർക്കും ആവശ്യമായ രേഖകൾ ഹാജരാക്കാൻ കഴിയുന്നില്ല എന്നുള്ളതാണ്. അത് പരിഗണിച്ച് ഗവൺമെൻറ് ഇക്കാര്യത്തിൽ ഒരു ഇളവുകൂടി അനുവദിച്ചിട്ടുണ്ട്. സർക്കസ് പ്രകടനം നടത്തിയിരുന്ന കാലത്ത് കമ്പനിയുമായി ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും കരാറിൻെറ കോപ്പിയോ അല്ലെങ്കിൽ അവിടെനിന്നും കിട്ടിയിട്ടുള്ള എഴുത്തുകളോ അതുമല്ലെങ്കിൽ അവർ ഉൾപ്പെടെയുണ്ടായിരുന്ന ആ കാലത്തെ ഏതെങ്കിലും ഫോട്ടോയോ അതിനുപുറമേ നേരിട്ട് ഈ കമ്മിറ്റിക്കാർ ഓരോ ആളേയും വിളിച്ചുവരുത്തി ഇൻറർവ്യൂ നടത്തി ഇത് ശരിയായ അപേക്ഷയാണ്, അർഹതപ്പെട്ട ആളാണ് എന്ന് ബോധ്യം വരികയോ ചെയ്താൽ അതിൻെറ അടിസ്ഥാനത്തിൽ പെൻഷൻ കൊടുക്കുവാനുള്ള ഏർപ്പാടുകൾ ഇപ്പോൾ ചെയ്തിട്ടുണ്ട്. ഞാൻ നേരത്തെ പറഞ്ഞു 653 അപേക്ഷകളാണ് കിട്ടിയതെന്ന്. അതിൽ 100 കഴിച്ച് ബാക്കി 80 എണ്ണം ഈ വിധത്തിലുള്ള പരിശോധനയ്ക്കു മാറ്റി വച്ചിട്ടുണ്ട്. പിന്നീടുള്ള അപേക്ഷകളെല്ലാം അനർഹരാണെന്ന് കമ്മിറ്റിയ്ക്ക് ബോദ്ധ്യമായി. കമ്മിറ്റിയിലാണെങ്കിൽ സർക്കസ് തൊഴിലാളികളുടെ പ്രതിനിധിയായിട്ട് ഒരാളുണ്ട്, സർക്കസ് ഉടമസ്ഥൻമാരുടെ ഒരാളുണ്ട്. പിന്നെ ഗവൺമെൻറ് സെക്രട്ടറിയുണ്ട്. ഇവരെല്ലാം ഉൾക്കൊള്ളുന്ന കമ്മിറ്റി പരിശോധിച്ചു. പല അപേക്ഷകളും തെറ്റായിരുന്നു. ഞാൻ നേരത്തെ പറഞ്ഞ കണ്ടീഷൻ എല്ലാം ഉണ്ടെങ്കിൽത്തന്നേയും കേരളീയരായ താരങ്ങൾക്കു മാത്രമേ കൊടുക്കുകയുള്ളു. അങ്ങനെ അല്ലാത്ത അപേക്ഷകരുണ്ട്. അനർഹരായിട്ടുള്ളവരുടേത്

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ നിരസിച്ചിട്ടുള്ളു. അവശേഷിക്കുന്ന 1984–85–ൽ കിട്ടിയ 132 അപേക്ഷകളും താമസിക്കാതെ പരിഗണിക്കുന്നതാണ്. അതു പോലെ 80–ൽ പരം അപേക്ഷകരെ നേരിട്ട് വരുത്തി അവർക്ക് പറയാനുള്ളതുകൂടി കേട്ട് ഈ പറഞ്ഞ ഏതെങ്കിലും കാര്യങ്ങൾ തെളിയിക്കാനുണ്ടെങ്കിൽ അത് തെളിയിക്കാനുള്ള അവസരവും താമസിക്കാതെ കൊടുക്കുന്നതാണ്:

(9) ആംഗ്ലോ ഇൻഡ്യൻ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

Sri Stephen Padua: I am thankful to the Council of Minister especially to the Chief Minister, the Minister for Education and the Minister for Finance for having granted scholarships to the poor Anglo-Indian students in the schools. I am satisfied that the Government have appreciated the difficulties and hardship of a poor minority community. The G.O. granting the scholarship is dated 24–7–1985 and its copies are seen to have been sent to all the Educational Officers. But the Headmasters who are to implement these scholarship schemes have neither received the concerned G.O. so far nor any instructions in the matter to award scholarships to the poor eligible Anglo-Indian students. As far as Ernakulam is concerned, on my enquiry I understand that the office people say that they do not seem to have received any G.O. in this direction. I do not know the cases with regard to other educational districts. Thus it seems that the good intentions of the Government stand defeated by the obstructive actions/tactics of a few officers in the department. I would, therefore, request the Minister for Education to take urgent action to see that scholarships are distributed to the poor deserving Anglo-Indian students from this year onwards itself.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യം പ്രത്യേകമായിട്ട് അന്വേഷിക്കാം. സർക്കാരിന്റെ ഉത്തരവനുസരിച്ച് കിട്ടുവാൻ അർഹതയുള്ള ആനുകൂല്യം കിട്ടാത്ത സാഹചര്യമുണ്ടെങ്കിൽ അതിനു സത്വരമായിട്ട് നടപടി സ്വീകരിക്കാം. അദ്ദേഹം അത് പ്രത്യേകമായി എവിടെയെല്ലാമാണെന്ന് ചൂണ്ടിക്കാണിച്ചാൽ അതിന് നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

(10) ഖാദിത്തൊഴിലാളികളുടെ വേതനം

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഖാദി തൊഴിലാളികളുടെ കദനകഥയാണ് എനിക്ക് പറയാനുള്ളത്. ഖദറിട്ട കോൺഗ്രസ്സ് ഭരിക്കുന്ന കേരളത്തിൽ രണ്ടു ലക്ഷത്തോളം ഖാദി നൂൽപ്പു നെയ്ത്തു തൊഴിലാളികൾ കൊടുംപട്ടിണിയിലാണ്. തൊഴിലില്ലായ്മവേതനം പോലും 50 രൂപ ലഭിക്കുമ്പോൾ ഗാന്ധിയൻ ആദർശം പ്രാവർത്തികമാക്കാൻ കഠിനാദ്ധ്വാനം ചെയ്യുന്ന ഈ തൊഴിലാളികൾക്ക് പ്രതിമാസം 50 രൂപ മുതൽ 90 രൂപവരെ മാത്രമാണ് ലഭിക്കുന്നത്. നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയെ ഈ വിധത്തിൽ അപമാനിക്കരുതെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഖാദി തൊഴിലാളികളെ

LIBRARY ARCHIVES Kerala Legislative Assembly